പറയാൻ പോകുന്നത് പ്രതിയെ പിടിച്ചു എന്നതാണ്. അതല്ല വിഷയം. ഇത്തരം സംഭവങ്ങൾ ആവർത്തിക്കുകയാണ്. അതുകൊണ്ട് ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ അതിശക്തമായ നിലപാട് ഗവണ്മെന്റ് എടുക്കുമോയെന്നാണ് ഞങ്ങൾക്ക് അറിയേണ്ടത്. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയത്തെക്കുറിച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, വിവിധ കേസുകളിൽ പ്രതിയും പിടികിട്ടേണ്ട ആളുമായ ഒരു മോഷ്ടാവാണ് ചങ്ങനാശ്ശേരി ചാപ്പലിൽ മോഷണം നടത്തിയത്. പ്രശംസനീയമായ രീതിയിൽ പോലീസ് കേസ് അന്വേഷണം നടത്തുകയും കുറ്റവാളിയെ പിടികൂടുകയും മോഷ്ടിച്ച വസ്തുക്കൾ കണ്ടെടുക്കുകയും ചെയ്തത് മറച്ചുവയ്ക്കരുത്. മോഷ്ടാവിൽ നിന്നും പിടിച്ചെടുത്ത വസ്തുക്കൾ കോളേജ് അധികൃതർ പരിശോധിച്ച് അവർക്ക് ബോദ്ധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. മതവിശ്വാസികൾക്കും കോളേജ് ഭാരവാഹികൾക്കും മോഷണം സംബന്ധിച്ച നിജസ്ഥിതി പൂർണ്ണമായി ബോദ്ധ്യമായിട്ടുണ്ട് എന്നാണ് ഗവണ്മെന്റിന് ലഭിച്ചിട്ടുള്ള വിവരം. അറസ്റ്റ് ചെയ്യപ്പെട്ട സാംസൺ എന്ന പ്രതി തൃശ്ശൂരിലും കൊരട്ടിയിലും 1944-ലും 1996-ലും നടന്ന മോഷണക്കേസ്സുകളിൽ 2 വർഷവും 3 മാസവും തടവ് ശിക്ഷ അനുഭവിച്ച മോഷ്ടാവാണ്. രാഷ്ട്രീയ മുതലെടുപ്പിന് ആരും തന്നെ ഈ സംഭവത്തെ ഉപയോഗപ്പെടുത്താൻ പാടില്ല. കോട്ടയത്തെ സെന്റ് ജോസഫ് ചർച്ചിൽ അതിക്രമിച്ച് കടന്ന് വിശുദ്ധ കുർബാനയ്ക്ക് ഉപയോഗിക്കുന്ന വസ്തുക്കൾ നശിപ്പിക്കുകയും മോഷണം നടത്തുകയും ചെയ്ത സംഭവം 1993-ൽ ഉണ്ടായതാണ്. ആ വസ്തുത മനസ്സിലാക്കണം. അന്ന് കടുത്തുരുത്തി പോലീസ് സ്റ്റേഷനിൽ ക്രൈം 93-ാം നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയെങ്കിലും പ്രതിയെ പിടിച്ചില്ല. ഇന്ന് പ്രതിയെ പിടിച്ചു. ഇപ്പോൾ ചാപ്പലിൽ മോഷണം നടക്കുമ്പോൾ കള്ളനെ കയ്യോടെ പിടിച്ചു. ചങ്ങനാശ്ശേരിയിൽ സ്ഥിതിഗതികൾ തികച്ചും ശാന്തമാണ്. സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ : മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിര പ്രമേയാവതരണത്തിന് അനുമതി ചെയർ നിഷേധിക്കുന്നു.

(അടിയന്തിരപ്രമേയത്തിന് അനുമതി നിഷേധിച്ചു).

IV. ശ്രദ്ധക്ഷണിക്കൽ

(1) തൃശ്ശൂർ മെഡിക്കൽ കോളേജ് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, ദീർഘനാളത്തെ കാത്തിരിപ്പിനു ശേഷമാണ് തൃശ്ശൂർ മെഡിക്കൽകോളേജ് 1982-ൽ, ഒരുതരത്തിൽ പറഞ്ഞാൽ ഒരു സിസേറിയൻ ഓപ്പറേഷനുശേഷം പിറന്നത്. പറയത്തക്ക പരിലാളനയൊന്നും അതിന് ലഭിച്ചില്ലെന്നു മാത്രമല്ല അർഹതപ്പെട്ട പരിഗണനപോലും പലപ്പോഴും നൽകിയില്ല. ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിക്കാൻതന്നെ വളരെയേറെ പ്രയാസങ്ങൾ നേരിടേണ്ടി വന്നു. നിരന്തരമായി നടത്തിയ നിവേദനങ്ങളുടേയും സമ്മർദ്ദത്തിന്റെയും നിയമയുദ്ധത്തിന്റേയും ഫലമായി മെഡിക്കൽ കോളേജിന് കുറച്ചൊക്കെ പുരോഗതിയുണ്ടായിയെന്നുള്ളത് ശരിയാണ്. പക്ഷെ 18 വർഷങ്ങൾക്കുശേഷം തൃശ്ശൂർ മെഡിക്കൽ കോളേജ് ഇന്നും വളർച്ച മുരടിച്ചു നിൽക്കുകയാണ്. പഠിക്കുന്നതിനുവേണ്ട

LIBRARY ARCHIVES Kerala Legislative Assembly

സൗകര്യങ്ങൾ ഇല്ലാതെ വിദ്യാർത്ഥികൾ വീർപ്പുമുട്ടുന്നു. സ്ഥലപരിമിതിമൂലം രോഗികളെ കിടത്തി ചികിത്സിക്കാൻ കഴിയുന്നില്ല. മെഡിക്കൽകോളേജിൽ എത്തിച്ചേരാനുള്ള ബുദ്ധിമുട്ടുകളും ചികിത്സാ സൗകര്യങ്ങളുടെ പരിമിതികളുംമൂലം രോഗികൾ വലയുന്നു. എന്നിട്ടും ബന്ധപ്പെട്ടവരുടെ കണ്ണുകൾ വേണ്ടത്ര ഇനിയും തുറന്നിട്ടില്ല. കൊച്ചി മഹാരാജാവിന്റെ കാലത്തുള്ള ടി.ബി. സാനിട്ടോറിയത്തിന്റെ ഭൗതിക സൗകര്യങ്ങൾ ഇല്ലായിരുന്നുവെങ്കിൽ ഇന്നും തൃശൂർ മെഡിക്കൽ കോളേജ് വെന്റിലേറ്ററിലാകുമായിരുന്നു. കോടികൾ ചെലവ് ചെയ്തു നിർമ്മിച്ച കെട്ടിടങ്ങൾപോലും ശരിയായ ആസൂത്രണത്തിന്റെ കുറവുമൂലം ഉപയോഗശൂന്യമായി കിടക്കുകയാണ്. ആനയെ വാങ്ങിയെങ്കിലും തോട്ടി വാങ്ങാൻ കാശില്ല എന്ന സ്ഥിതിയാണ്. ഇലക്ട്രിഫിക്കേഷൻ നടത്താത്തതുകൊണ്ടും മറ്റും 400 കിടക്കകളുള്ള ആശുപത്രികെട്ടിടത്തിന്റെ പണി പൂർത്തിയാക്കിയെങ്കിലും അതുപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. ഇന്ന് തൃശ്ശൂർ ജില്ലാ ആശുപത്രിയുടെ ബ്രാഞ്ച് പോലെയാണ് മുളങ്കുന്നത്തുകാവിലെ മെഡിക്കൽ കോളേജ്. ഒ.പി. ബ്ലോക്കിന്റെയും തീയേറ്റർ കോംപ്ലക്സിന്റെയും പണി പൂർത്തിയാക്കാത്തതുകൊണ്ട് കിടക്കകൾ ഉപയോഗശൂന്യമായി കിടക്കുകയാണ്. അതിനുവേണ്ട സംഖ്യ ബഡ്ജറ്റിൽ വകകൊള്ളിക്കണമെന്ന് ആവശ്യപ്പെട്ട് തൃശ്ശൂർ ജില്ലയിലേയും പാലക്കാട് ജില്ലയിലേയും എം. എൽ.എ. മാർ നിവേദനം കൊടുക്കുകയുണ്ടായി. ആ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധിക്കണം. ആശുപത്രിയിൽ ആവശ്യത്തിന് വെള്ളമില്ലാത്ത സ്ഥിതിയാണ്. രോഗികൾ വെള്ളമില്ലാത്തതിനാൽ മാത്രമല്ല, മെഡിക്കൽ കോളേജിൽ രണ്ടു മൂന്നു മാസം ക്ളാസ്സുകൾ നടത്തുന്നതിന് തന്നെ പ്രയാസമാണ്. ഇവിടത്തെ ജലദൗർലഭ്യം പരിഹരിക്കാൻ മാസ്റ്റർ പ്ളാൻ അനുസരിച്ച് ഒരുജലവിതരണ പദ്ധതി ആവിഷ്ക്കരിക്കുവാൻ വേണ്ട നിർദ്ദേശമുണ്ട്. പക്ഷേ ഫലപ്രദമായ നടപടികൾ ഇക്കാര്യത്തിൽ ഇനിയും നടത്തിയിട്ടില്ല. ഷൊർണ്ണൂർ റോഡിൽ നിന്നും മെഡിക്കൽ കോളേജിലേക്ക് എത്തണമെങ്കിൽ ഒരു റെയിൽപാളം കടക്കണം. മെഡിക്കൽ കോളേജിലേയ്ക്ക് പോകാൻ ഒരു ഓവർബ്രിഡ്ജ് വളരെ അത്യാവശ്യമാണ്. അവിടെ റെയിൽവേ ഗേറ്റ് അടയ്ക്കുന്നതിനാൽ അടിയന്തിര ചികിത്സയ്ക്കുവേണ്ടി പോകുന്ന രോഗികൾ പലപ്പോഴും ആശുപത്രിയിൽ എത്തുന്നതിനുമുൻപുതന്നെ മരണമടയുന്ന സംഭവങ്ങൾ ഉണ്ടാകുന്നു. തക്കസമയത്ത് ചികിത്സ ലഭിക്കാത്തതുകൊണ്ട് വളരെ ഗൗരവതരമായ സ്ഥിതിവിശേഷം ഉണ്ടാകുന്നു. സ്വാഭാവികമായും മെഡിക്കൽകോളേജ് വികസനത്തിന്റെ ഭാഗമെന്ന നിലയ്ക്ക് ആവുന്നതുംവേഗം ആ ഓവർബ്രിഡ്ജിന്റെ പണി ആരംഭിക്കാൻവേണ്ട നടപടികൾ കൈക്കൊള്ളണം. പോസ്റ്റ് ഗ്രാഡ്വേറ്റ് കോഴ്സിന്റെ കാര്യമാണ് അടുത്തതായി സൂചിപ്പിക്കുവാനുള്ളത്. അവിടെ മെഡിസിനും സർജറിക്കും ഗൈനക്കോളജിക്കും പോസ്റ്റ് ഗ്രാഡ്വേറ്റ് കോഴ്സുകൾ ആരംഭിക്കുവാൻ യൂണിവേഴ്സിറ്റി അനുവാദം നല്കിയിട്ടും കാലം കുറച്ചായി. പക്ഷേ ഗവണ്മെന്റ് ഒരു അണ്ടർടേക്കിംഗ് കൊടുക്കണം. അത് സാമ്പത്തികമായ യാതൊരു ബാദ്ധ്യതയുമുള്ള കാര്യമല്ല. ഒരു കൊല്ലമായി അണ്ടർടേക്കിംഗ് കൊടുക്കാത്തതുമൂലം പോസ്റ്റ് ഗ്രാഡ്വേറ്റ് കോഴ്സുകൾ അവിടെ ആരംഭിക്കാൻ കഴിയുന്നില്ല. പോസ്റ്റ് ഗ്രാഡ്വേറ്റ് കോഴ്സുകൾ അവിടെ ആരംഭിച്ചാൽ ഉപരിപഠനം സാധിക്കുമെന്ന് മാത്രമല്ല കൂടുതൽ ഡോക്ടർമാരുടെ സേവനം ചുരുങ്ങിയ ചെലവിൽ രോഗികൾക്ക് ലഭ്യമാകുകകൂടി ചെയ്യും. ഈ കോളേജിന്റെ വളർച്ചയ്ക്ക് ഏറ്റവും ആവശ്യമായ ഒരു കാര്യമാണിത്. പ്രയോജനകരമായ ഈ പരിപാടിപോലും ഗവണ്മെന്റിന്റെ അലംഭാവംകൊണ്ട് കഴിഞ്ഞ ഒരു കൊല്ലക്കാലമായി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. സ്റ്റാഫ്

LIBRARY ARCHIVES Kerala Legislative Assembly

ക്വാർട്ടേഴ്സുകളുടെ പണി ഏകദേശം പൂർത്തിയായി. പക്ഷേ ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടില്ല. അതുകൊണ്ട് അവിടെ നിയമിക്കുന്ന ഡോക്ടർമാർ ആരും അവിടെ ജോലിചെയ്യാൻ തയ്യാറാകുന്നില്ല. അവർ കൂടുതൽ സൗകര്യപ്രദമായ സ്ഥലങ്ങളിലേക്ക് മാറ്റംവാങ്ങി പോകുകയാണ്. കാർഡിയോളജി ഡിപ്പാർട്ടുമെന്റ് നാമമാത്രമായി നടക്കുകയാണ്. ഡോക്ടർമാരെ നിയമിക്കുന്നുണ്ടെങ്കിലും അവർ ആരും ചാർജെടുക്കുന്നില്ല. തൃശൂർ മെഡിക്കൽ കോളേജിനുസമീപം ഭവനനിർമ്മാണ ബോർഡിന്റെ നേതൃത്വത്തിൽ എൻ.ആർ.ഐ. കാർക്കുവേണ്ടി കുറേ ക്വാർട്ടേഴ്സുകൾ പണിയിച്ചുവെങ്കിലും രണ്ടുകൊല്ലമായിട്ടും ഒറ്റ എൻ.ആർ.ഐ. യും അവിടെ തിരിഞ്ഞു നോക്കിയിട്ടില്ല. ഭവന നിർമ്മാണ ബോർഡുമായി ആലോചിച്ച് ഒരു താല്ക്കാലിക സംവിധാനമെന്ന നിലയ്ക്ക് ആ ക്വാർട്ടേഴ്സുകൾ മെഡിക്കൽകോളേജിന്റെ ആവശ്യത്തിനുവേണ്ടി അലോട്ട് ചെയ്താൽ മെഡിക്കൽ കോളേജ് സ്റ്റാഫിന്റെ ക്വാർട്ടേഴ്സിന്റെ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും. വേക്കന്റ് പോസ്റ്റുകൾ ധാരാളമാണ്. അവിടെ അനുവദിച്ച പോസ്റ്റുകൾ 308 ആണ്. അതിൽ 104 പോസ്റ്റുകൾ വേക്കന്റ് ആണ്. കാലാകാലങ്ങളിൽ പോസ്റ്റ് ക്രിയേഷൻ നടക്കുന്നുണ്ടെങ്കിലും നിയമനം നടക്കുന്നില്ല. അതിനാവശ്യമായ ആളുകൾ അവിടെ വരുന്നില്ല. വന്നാൽ അവിടെത്തന്നെ നില്ക്കുന്നുമില്ല. വേക്കന്റായ പോസ്റ്റുകളുടെ ലിസ്റ്റ് ഞാൻ വായിക്കാം. അനാട്ടമി ഡിപ്പാർട്ടുമെന്റ് 5, ഫിസിയോളജി-5, ബയോകെമിസ്ട്രി-7, ഫോറൻസിക്ക് മെഡിസിൻ-2, ഫാർമക്കോളജി-61, മൈക്രോബയോളജി-2, പത്തോളജി-7, റേഡിയോ തെറാപ്പി-3 ഇങ്ങനെ 104 പോസ്റ്റുകൾ വേക്കന്റാണ്. പഠനസൗകര്യങ്ങൾ ഇല്ലാതെ, വേണ്ടത്ര ഇൻഫ്രാസ്ട്രക്ച്ചറൽ ഫെസിലിറ്റീസ് ഇല്ലാതെ ഈ സ്ഥാപനം ആകെ ബുദ്ധിമുട്ടുകയാണ്. അതിന്റെ വിശദമായ വിവരങ്ങൾ ബഹുമാനപ്പെട്ട മന്ത്രിക്കുതന്നെ അറിയാം. ഡോക്ടർമാരുടേയും അദ്ധ്യാപകരുടേയും സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കണം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്ന് ആളുകളെ നിയമിച്ചാൽ അവർ തുടരുന്നില്ല. മെഡിക്കൽ കോളേജിലെ അദ്ധ്യാപകർ 23-ാം തീയതി സൂചനാ സമരം നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. സ്കെയിൽ വ്യത്യാസം വരുത്താത്തുകൊണ്ട് ലക്ചറർമാരായി ജോലിചെയ്യാൻ ആളെ കിട്ടുന്നില്ല. പരാധീനതകളുടെ പട്ടിക ഇനിയും ഞാൻ നീട്ടുന്നില്ല. തൃശൂർ മെഡിക്കൽകോളേജ് ആരംഭിച്ചപ്പോൾ ആധുനിക രീതിയിലുള്ള ചികിത്സാസൗകര്യങ്ങൾ ആ പ്രദേശത്തുകാർക്ക് കൂടുതൽ ലഭ്യമാകുമെന്ന പ്രതീക്ഷയായിരുന്നു ജനങ്ങൾക്കുണ്ടായിരുന്നത്. പക്ഷേ നീണ്ട 18 വർഷങ്ങൾക്കുശേഷവും മെഡിക്കൽകോളേജ് ആശുപത്രിയുടെ പണി പൂർത്തിയാകാത്തതിനാൽ ജില്ലാ ആശുപത്രിയുടെ നിലവിലുണ്ടായിരുന്ന സൗകര്യങ്ങൾപോലും സാധാരണക്കാരന് ലഭ്യമല്ലാത്ത സ്ഥിതി വന്നിരിക്കുകയാണ്. കാരണം, നിലവിൽ വന്ന ജില്ലാ ആശുപത്രി മെഡിക്കൽകോളേജ് ആശുപത്രിയാക്കി മാറ്റി. ഈ ദുഃസ്ഥിതിക്ക് ആവുംവേഗം അന്ത്യം കുറിക്കണം. മെഡിക്കൽ കോളേജ് പൂർണ്ണമായും മുളംകുന്നത്തുകാവിലേക്ക് മാറ്റണം. മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള വികസനം ത്വരിതപ്പെടുത്തണം. അടുത്തദിവസം വകുപ്പുമന്ത്രി അവിടെ സന്ദർശിച്ച് കാര്യങ്ങൾ മനസ്സിലാക്കി. ഇത് തൃശൂർ ജില്ലയുടെ മാത്രം കാര്യമല്ല. ആരോഗ്യവകുപ്പു മന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും പ്രതിനിധാനം ചെയ്യുന്ന പാലക്കാട് ജില്ലയിലെ രോഗികളാണ് അവിടെ കൂടുതൽ അഡ്മിറ്റ് ചെയ്യപ്പെടുന്നത്. അതുകൊണ്ട് മദ്ധ്യകേരളത്തിന്റെ പൊതുവേ തൃശൂരിന്റെയും പാലക്കാടിന്റെയും ഒരു പ്രശ്നമെന്ന നിലയ്ക്ക് കേരള സർക്കാർ നിലവാരത്തി

LIBRARY ARCHIVES Kerala Legislative Assembly

ലുള്ള ഗവണ്മെന്റ് മെഡിക്കൽകോളേജുകളിൽ അവസാനം പിറന്നുവീണ ഒരു സ്ഥാപനമെന്ന നിലയ്ക്ക് തൃശൂർ മെഡിക്കൽകോളേജിന് പ്രത്യേക പരിഗണന നൽകി അതിന്റെ വികസനത്തിനാവശ്യമായ നടപടി സ്വീകരിക്കണം. ഒരു കാര്യം സ്പോർട്ട്സിന്റെകൂടി ചുമതലയുള്ള ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയെ ഓർമ്മിപ്പിക്കട്ടെ. ലക്ഷ്യത്തിലെത്താൻ ദൂരം കുറേയുണ്ട്. കടമ്പകൾ നിരവധിയുണ്ട്. സമയം കുറച്ചേയുള്ളൂ. അതിവേഗം ഓടണം, തളരാതെ, ഇടറാതെ, അങ്ങ് തൃശ്ശൂർ മെഡിക്കൽ കോളേജിന് ശാപമോക്ഷം നല്കണം.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. രാഘവൻ)

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) : സർ, ബഹുമാനപ്പെട്ട തേറമ്പിൽ രാമകൃഷ്ണൻ ഒരു ദയനീയമായ ചിത്രമാണ് വരച്ച് കാണിച്ചത്. തൃശ്ശൂർ മെഡിക്കൽകോളേജിന്റെ കാര്യങ്ങൾ അടുത്ത ദിവസം ഞാൻ നോക്കിയിരുന്നു. എന്റെ കയ്യിലുള്ള രേഖകൾ വച്ചുമാത്രം ഇപ്പോൾ സംസാരിക്കാം. തൃശ്ശൂർ മെഡിക്കൽകോളേജിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെയും പ്രീ ക്ളീനിക്കൽ, പാരാ ക്ളീനിക്കൽ വിഭാഗങ്ങളുടെ പ്രവർത്തനവും 1983-ൽ മുളംകുന്നത്തുകാവിൽ ടി.ബി. സാനിട്ടോറിയത്തിലെ കെട്ടിടത്തിൽ ആരംഭിച്ചു. ക്ളീനിക്കൽ വിഭാഗങ്ങൾ തൃശ്ശൂർ ടൗണിലുള്ള ജില്ലാ ആശുപത്രി കെട്ടിടങ്ങളിലാണ് പ്രവർത്തിച്ചുവന്നിരുന്നത്. സ്ഥലപരിമിതി ആദ്യകാലം മുതൽ തന്നെ ഈ കോളേജിന്റെ ഒരു പ്രശ്നമായിരുന്നു. 1987-ൽ 300 കിടക്കകളുള്ള നെഞ്ച് രോഗാശുപത്രിയിൽ മെഡിസിൻ, ത്വക്ക്, ടി. ബി., ആന്റ് റെസ്പറേറ്ററി, റേഡിയോ തെറാപ്പി എന്നീ വിഭാഗങ്ങളും ആരംഭിച്ചു. 1998-ൽ ജില്ലാ ആശുപത്രിയിലെ ചില കെട്ടിടങ്ങൾ തകർന്നതിനെത്തുടർന്ന് പീഡിയാട്രിക്, സൈക്കാട്രിക് വിഭാഗങ്ങളും ഈ ആശുപത്രിയിലേക്ക് മാറ്റിയിട്ടുണ്ട്. 400 കിടക്കകൾ വീതമുള്ള മൂന്ന് ആശുപത്രി ബ്ലോക്കുകളും, ഒ.പി., ഓപ്പറേഷൻ തീയേറ്റർ എന്നിങ്ങനെ 5 ബ്ലോക്കുകളുമായി പണി തീർക്കേണ്ട 1200 കിടക്കകളുള്ള ആശുപത്രി സമുച്ചയത്തിന്റെ നിർമ്മാണം മുളംകുന്നത്തുകാവിൽ നടന്നുവരികയാണ്. മൊത്തം 9 കോടി രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന നിർമ്മാണ പ്രവർത്തനമാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. 400 കിടക്കകളുള്ള ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം 95 ശതമാനവും പൂർത്തിയായിട്ടുണ്ട്. ഇലക്ട്രിഫിക്കേഷന്റെ പണി പൂർത്തീകരിക്കുവാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. മേയ് മാസത്തോടെ ഇതിന്റെ പണി പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. സ്റ്റാഫ് ക്വാർട്ടേഴ്സിന്റെ പണി മിക്കവാറും പൂർത്തിയായി കഴിഞ്ഞിട്ടുണ്ട്. ഒ.പി. ബ്ലോക്ക്, ഓപ്പറേഷൻ തീയേറ്റർ എന്നിവയുടെ പണിയ്ക്കായി ഈ വർഷത്തെ ബഡ്ജറ്റിൽ 242 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനുവേണ്ട ഭരണാനുമതിയും നല്കിക്കഴിഞ്ഞു. 2000-2001 സാമ്പത്തികവർഷത്തിലെ ബഡ്ജറ്റിൽ തൃശ്ശൂർ മെഡിക്കൽകോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മാത്രമായി 396 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് ചരിത്രത്തിൽ ആദ്യമായിട്ടാണ്. മുളംകുന്നത്തുകാവിലെ ആശുപത്രിയിൽ പണി പൂർത്തിയായിവരുന്ന 400 കിടക്കകളുള്ള ബ്ലോക്കിന്റെ പ്രവർത്തനം ആരംഭിക്കണമെങ്കിൽ ഒ.പി. ബ്ലോക്കിന്റേയും ഓപ്പറേഷൻ ബ്ലോക്കിന്റേയും നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കേണ്ടതുണ്ട്. ഇതിനാവശ്യമായ നടപടികൾ ദ്രുതഗതിയിൽ നടന്നുവരികയാണ്. ശുദ്ധജല ദൗർലഭ്യം പരിഹരിക്കുന്നതിന് പീച്ചി ഡാം റിസർവോയറിൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly

മുളംകുന്നത്തുകാവിലേയ്ക്കുള്ള ലൈനിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഓവർഹെഡ് ടാങ്കിന്റെ നിർമ്മാണവും പൂർത്തീകരിച്ചു വരികയാണ്. എന്നിരുന്നാലും ബോർവെല്ലിൽ ആവശ്യത്തിന് വെള്ളം ലഭ്യമാകുമെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. ആശുപത്രിയോട് അനുബന്ധിച്ചുള്ള ക്വാർട്ടേഴ്സുകളുടെ നിർമ്മാണം മിക്കവാറും പൂർത്തിയായിട്ടുണ്ട്. 19 എണ്ണം അലോട്ട് ചെയ്തു കഴിഞ്ഞു. ടൈപ്പ്-2 വിഭാഗത്തിലുള്ള ക്വാർട്ടേഴ്സുകളുടെ കുറവ് പരിഹരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. 300 പേർക്കുവീതം താമസിക്കാവുന്ന ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും ഹോസ്റ്റലുകളുടേയും നഴ്സുമാർക്കുള്ള ഹോസ്റ്റലുകളുടേയും നിർമ്മാണം സാമ്പത്തിക ലഭ്യതയനുസരിച്ച് ആരംഭിക്കുന്നതാണ്. 89 അധ്യാപകരുടെ കുറവാണ് ഇവിടെ രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 64 ലക്ചറർ തസ്തിക പി.എസ്.സി. വഴി നികത്തേണ്ടതാണ്. പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്തതും നിയമന കാര്യത്തിൽ പി.എസ്.സി. യുടെ താൽക്കാലിക നിരോധനം നിലനിൽക്കുന്നതുമായ ഉയർന്ന 25 തസ്തികകളിലേയ്ക്കുള്ള പ്രമോഷൻ നൽകുന്നതിന് യോഗ്യതയുള്ള ഡോക്ടർമാരുടെ കുറവും തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതിനുള്ള കാരണമാണ്. എത്രയുംവേഗം ഈ ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. സാമ്പത്തിക ലഭ്യതയനുസരിച്ച് പുതിയ പി.ജി. കോഴ്സുകൾ അനുവദിക്കുന്നതാണ്. തൃശ്ശൂർ ടൗണിൽനിന്നും മുളങ്കുന്നത്തുകാവിലേയ്ക്കുള്ള 13 കിലോമീറ്റർ ദൂരത്തിലേയ്ക്ക് അത്താണിയിലും വെളപ്പായയിലും രണ്ട് റെയിൽവേ ലെവൽ ക്രോസിംഗുകളാണുള്ളത്. ചിലപ്പോൾ പതിനഞ്ചും ഇരുപതും മിനിറ്റ് അവിടെ ക്രോസിംഗിന് കാത്തുകിടക്കേണ്ടതായി വരുന്നുണ്ട്. ഈ അസൗകര്യം ഒഴിവാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റേയും സംസ്ഥാന സർക്കാരിന്റേയും അടിയന്തിര ശ്രദ്ധ ആവശ്യമുണ്ട്. മേൽപ്പാലം പണിയുക മാത്രമാണ് ഇതിന്റെ ഏക പോംവഴി. സാമ്പത്തിക ലഭ്യതയനുസരിച്ച് എത്രയും വേഗം മെഡിക്കൽകോളേജ് ആശുപത്രി മുളങ്കുന്നത്തുകാവിലേക്ക് പൂർണ്ണമായും മാറ്റാം എന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. ബഹുമാനപ്പെട്ട തേറമ്പിൽ രാമകൃഷ്ണൻ സൂചിപ്പിച്ചതുപോലെ തൃശ്ശൂർ, ആലപ്പുഴ, മെഡിക്കൽകോളേജ് ആശുപത്രികൾക്ക് പ്രത്യേക പരിഗണന കൊടുത്തുകൊണ്ടാണ് അതിന്റെ ദയനീയാവസ്ഥയിൽനിന്നും കരകയറ്റാൻ ശ്രമിക്കുന്നത്. മാത്രമല്ല, ഈ വർഷത്തെ ബഡ്ജറ്റിൽ മെഡിക്കൽ കോളേജുകൾക്ക്, ടോപ് പ്രയോറിറ്റി കൊടുത്തുകൊണ്ട് മുന്നോട്ടുപോകാൻ ഗവണ്മെന്റ് തീരുമാനിച്ചിട്ടുണ്ട്. ആ സാഹചര്യത്തിൽ തൃശ്ശൂർ മെഡിക്കൽ കോളേജിലെ പ്രശ്നങ്ങൾ മുഴുവൻ ഈ വർഷംതന്നെ പരിഹരിക്കാൻ കഴിയുമെന്നാണ് ഗവണ്മെന്റ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. തേറമ്പിൽ - രാമകൃഷ്ണൻ</u> : സർ, റെയിൽവേ അടക്കമുള്ള അധികൃതരുടെ ഒരു യോഗം വിളിച്ചുകൂട്ടി അടിയന്തിരമായി ഈവക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഒരു കൂട്ടായ ആലോചനയ്ക്ക് വേദിയൊരുക്കുമോ? റെയിൽവേ ആണ് ഇത് ചെയ്യാൻ. ഇതുവരെ അവർ അനങ്ങിയിട്ടില്ല. നമ്മുടെ നിർദ്ദേശങ്ങളിലും അക്കാര്യം സൂചിപ്പിച്ചിട്ടില്ല. അതുകൊണ്ട് റെയിൽവേ അടക്കമുള്ള വിവിധ ഡിപ്പാർട്ടുമെന്റുകളിലെ ആളുകളെ വിളിച്ച് ഇതിന്റെ മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.സി. കബീർ : സർ, ഈ നിയമസഭാ സമ്മേളനം കഴിഞ്ഞാൽ, അതായത് ഏപ്രിൽ മാസത്തിൽ ട്രാൻസ്പോർട്ട് വകുപ്പിന്റെ ചുമതല വഹിക്കുന്ന മന്ത്രി റെയിൽവേ അധികൃതർ എം.എൽ.എ. മാർ എം.പി.മാർ എന്നിവരുടെ ഒരു സംയുക്തയോഗം വിളിച്ചുകൂട്ടാൻ ആരോഗ്യ വകുപ്പ് മുൻകൈയെടുക്കുന്നതാണ്.

(2) നീതി സ്റ്റോറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ

[10 A.M.] ശ്രീ. എം.പി. വർഗ്ഗീസ് : സർ, സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന നീതി സ്റ്റോറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അതിൽ പണിയെടുക്കുന്ന ജീവനക്കാരുടെ ജോലിസ്ഥിരത ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതിനാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കുന്നത്. ഗുണമേന്മയുള്ള നിത്യോപയോഗ സാധനങ്ങൾ മിതമായ വിലയ്ക്ക് ജനങ്ങൾക്ക് എത്തിക്കുന്നതിനും അനുദിനം കുതിച്ചുയരുന്ന പൊതുമാർക്കറ്റിലെ വിലനിലവാരം പിടിച്ചു നിർത്തുന്നതിനും രണ്ടായിരത്തോളം വരുന്ന അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുടെ ജോലി ഉദ്ദേശിച്ച് കേരളത്തിൽ ആയിരം പ്രാഥമിക സഹകരണസംഘങ്ങൾ വഴി ആസൂത്രിതമായ പരിപാടികളോടെ ഗവണ്മെന്റ് നടപ്പാക്കിയിട്ടുള്ള ഒരു പദ്ധതിയാണ് നീതി സ്റ്റോർ. നീതി സ്റ്റോറുകളുടെ പ്രവർത്തനം ആരംഭിച്ചതോടുകൂടി പൊതുമാർക്കറ്റിൽ ഗവണ്മെന്റ് ഇടപെടുന്നതിനും കുതിച്ചുയരുന്ന വിലനിലവാരത്തിന് ശാശ്വതമായ ഒരു പരിഹാരം ഇല്ലെങ്കിൽപ്പോലും ഒരു ഇടക്കാലാശ്വാസം എന്ന നിലയ്ക്ക് ഒരു സമീപനം സ്വീകരിക്കാനും കഴിഞ്ഞിട്ടുണ്ട് എന്ന കാര്യം ഞാൻ മറക്കുന്നില്ല. പക്ഷേ ഗവണ്മെന്റ് പ്രഖ്യാപിച്ച, അല്ലെങ്കിൽ ഗവണ്മെന്റ് ആഗ്രഹിച്ച തരത്തിൽ നീതിസ്റ്റോറുകളുടെ പ്രവർത്തനം കാര്യക്ഷമമായി നടത്താൻ കഴിഞ്ഞിട്ടുണ്ടോ എന്ന കാര്യം ഒരു പരിശോധനയ്ക്കു വിധേയമാക്കേണ്ട ഒരു സന്ദർഭമാണിത്. പല നീതിസ്റ്റോറുകളിലും വേണ്ടത്ര സാധനങ്ങൾ സമയത്തിന് എത്താത്തതുകൊണ്ടും സാധനങ്ങളുടെ വിലയിൽ ഓപ്പൺ മാർക്കറ്റിലെ വിലയുമായി കാര്യമായ വ്യത്യാസമില്ലാത്തതുകൊണ്ടും നീതിസ്റ്റോറുകളുടെ വിൽപ്പന ഫലപ്രദമായി മുന്നോട്ടു കൊണ്ടുപോകാൻ കഴിയുന്നില്ല. പല നീതിസ്റ്റോറുകളിലേയും വിൽപ്പന പരിശോധിക്കുമ്പോൾ ആയിരം രൂപയും അതിനടുത്ത തുകയ്ക്കുമാണ് നിൽക്കുന്നത്. പൊളിഞ്ഞു എന്നു പറയുന്നതിൽ ഒരു അർത്ഥവുമില്ല. ഞങ്ങൾ അങ്ങനെ കരുതുന്നുമില്ല. പൊതുമാർക്കറ്റിലെ വില പിടിച്ചുനിർത്തുന്നതിനു വേണ്ടി ഗവണ്മെന്റ് ഒരു പരിപാടി നടപ്പാക്കുമ്പോൾ അതിൽ കുറ്റമുണ്ടെങ്കിൽ കുറ്റമുണ്ടെന്നും കുറവ് ഉണ്ടെങ്കിൽ കുറവുണ്ടെന്നും ചൂണ്ടിക്കാണിച്ചുകൊണ്ട് കുറ്റമറ്റതാക്കി മാറ്റണമെന്നാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ കൊണ്ടുദ്ദേശിക്കുന്നത്. മാവേലിസ്റ്റോറുകൾ തുടങ്ങുമ്പോൾ പൊളിയും എന്നും പൊളിഞ്ഞു എന്നും ആഗ്രഹിക്കുന്നവർക്ക് തിരിച്ചടിയായി കേരളത്തിലെ മാവേലിസ്റ്റോറുകൾ ഏറ്റവും വലിയ സംവിധാനമാണെന്ന് പിന്നീട് ബോധ്യപ്പെട്ടു. അത്തരം ആളുകൾ അപ്പുറത്ത് ഉണ്ടെന്ന് എനിക്കറിയാം. ഞാൻ അതിനെ പരാമർശിക്കാനല്ല ആഗ്രഹിക്കുന്നത്. കുറവുണ്ടെങ്കിൽ കുറവുണ്ട് എന്ന് പറയണമല്ലോ. സിവിൽ സപ്ലൈസ് നന്നായി പോകുന്നു. നീതി സ്റ്റോറും നന്നായി പോകുന്നു. നീതി സ്റ്റോർ കുറച്ചുകൂടി നന്നായി പോകണമെന്നുതന്നെയാണ്

LIBRARY ARCHIVES Kerala Legislative Assembly